**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2114** 06.10.2016- ൽ മറുപടിക്ക്

## ടെൻഡർ കമ്മിറ്റി ചേരാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ജെയിംസ് മാത്യു**<br>**,, വി. കെ. സി. മമ്മത് കോയ**<br>**,, മുരളി പെരുനെല്ലി**<br>**,, കെ.ഡി. പ്രസേനൻ** | | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പദ്ധതികൾ നബാർഡിന്റെ ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തുന്നതിന് സമർപ്പിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് നൽകിയിട്ടുണ്ടോ; | (എ) | നബാർഡിന്റെ ആർ.ഐ.ഡി.എഫ് XXII സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പദ്ധതികളിൽ 159.80 കോടി രൂപയുടെ പദ്ധതികൾ ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുണ്ട്. 18 കോടി രൂപയുടെ പദ്ധതികൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | അഞ്ച് കോടിയിൽ കൂടുതൽ തുകയുള്ള പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിക്കുന്നതിന് ടെൻഡർ കമ്മിറ്റി കൂടേണ്ടതുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ആരൊക്കെയാണ് ടെൻഡർ കമ്മിറ്റിയിലെ അംഗങ്ങളെന്നും ഏറ്റവുമൊടുവിൽ ഈ കമ്മിറ്റി ചേർന്നത് എന്നാണെന്നും അറിയിക്കുമോ; | (സി) | 24.08.2015-ലെ സ.ഉ (അച്ചടി) നം. 375/2015/ധന ഉത്തരവ് പ്രകാരം 5 കോടി മുതൽ 10 കോടി വരെ തുകയുള്ള പ്രവൃത്തികളുടെ ടെണ്ടർ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയും 10 കോടി രൂപയിൽ കൂടുതൽ തുകയുള്ള പ്രവൃത്തികളുടെ ടെണ്ടർ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയാണ് അംഗീകരിക്കുന്നത്. പൊതു മരാമത്ത് വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയിൽ ചീഫ് എഞ്ചിനീയർമാരും, ചീഫ് ആർക്കിടെക്റ്റ്, ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ എന്നിവർ അംഗങ്ങളുമാണ്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ടെണ്ടർ കമ്മിറ്റിയിൽ പൊതുമരാമത്ത് വകുപ്പ്. പ്രിൻസിപ്പൽ |

സെക്രട്ടറി, ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരും അതാത് വകുപ്പ് സെക്രട്ടറിമാരും അംഗങ്ങളാണ്. പ്രസ്തുത ടെണ്ടർ കമ്മിറ്റി 13.06.2016-ലാണ് എറ്റവും ഒടുവിലായി ചേർന്നത്.

(ഡി) ടെൻഡർ കമ്മിറ്റി യഥാസമയം ചേരാത്തതിന്റെ പേരിൽ നിരവധി പ്രവൃത്തികൾ ടെൻഡർ ചെയ്യാൻ സാധിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ടെൻഡർ കമ്മിറ്റി യഥാസമയം ചേർന്ന് പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ഡി) യും (ഇ) യും

13.06.2016-ൽ കൂടിയ ചീഫ് സെക്രട്ടറിതല ടെണ്ടർ കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതി**ലുണ്ടായ** ഭരണപരമായ താമസം മൂലമാണ് **തുടർ** കമ്മിറ്റി കൂടുവാൻ സാധിക്കാതിരുന്നത്. നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ള ടെണ്ടർ ശുപാർശകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച ടെണ്ടർ കമ്മിറ്റികൾ 06.10.2016-ൽ ചേരുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ